തൊഴിൽ വാർത്തകൾ

കേരളകൗമുദി
14 മാർച്ച് 2018 ബുധൻ
തിരുവനന്തപുരം

ബി.എസ്.എൻ.എല്ലിൽ

ബിഎസ് എൻ എല്ലിൽ കമ്പനി സെക്രട്ടറി ആകാം. അപേക്ഷ അപേക്ഷിക്കേണ്ട അവസാന തീയതി: നാളെ കൂടുതൽ വിവരങ്ങൾക്ക്: www.bsnl.co.in/

അഗ്രികൂപ്പ് റിക്രൂട്ട്മെന്റ് 2018

കേന്ദ്രസർക്കാറിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഒഫ് അഗ്രിക്കൾച്ചർ ആൻഡ് കോർപ്പറേഷൻ ടെക്നിക്കൽ അസിസ്റ്റന്റ്, സീനിയർ ടെക്നീഷ്യൻ, തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: agricoop.nic.in/

മാംഗ്ലൂർ റിഫൈനറി ആൻഡ് പെട്രോകെമിക്കൽസ് ലിമിറ്റഡിൽ

മാംഗ്ലൂർ റിഫൈനറി ആൻഡ് പെട്രോകെമിക്കൽസ് ലിമിറ്റഡിൽ (MRPL) എക്സിക്യൂട്ടീവുകളുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് 24 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: mrpl.co.in/

നിഫ്റ്റിൽ അസിസ്റ്റന്റ് പ്രൊഫസർ

നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫാഷൻ ടെക്നോളജിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 63 ഒഴിവ്. മാർച്ച് 21 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: nift.ac.in

കമല നെഹ്റു കോളേജിൽ

ഡൽഹിയിലെ കമല നെഹ്റു കോളേജിൽ വിവിധ തസ്തികകളിൽ ഒഴിവ്. അപേക്ഷിക്കേണ്ട അവസാന തീയതി: നാളെ. കൂടുതൽ വിവരങ്ങൾക്ക്: www.knc.edu.in/

ഇന്ത്യൻ വെറ്ററിനറി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ

ഇൻഡ്യൻ വെറ്ററിനറി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സീനിയർ റിസേർച്ച് ഫെലോ ഒഴിവ്. വാക് ഇൻ ഇന്റർവ്യൂ മാർച്ച് 20ന്. വിലാസം: Office of HoD, Division of LES & IT, IVRI, Izatna വെബ്സൈറ്റ്: www.ivri.nic.in

നാഷണൽ ലാ യൂണിവേഴ്സിറ്റിയിൽ

നാഷ്ണൽ ലോ യൂണിവേഴ്സിറ്റി നാഗ്പൂർ പ്രൊഫസർ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. മാർച്ച് 16 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.nlunagpur.ac.in/

മിനിസ്ട്രി ഒഫ് ഡിഫൻസിൽ

മിനിസ്ട്രി ഓഫ് ഡിഫൻസ്, എഎസ്സി യൂണിറ്റിന്റെ ആസ്ഥാനത്ത് ഫയർമാൻ - 16, ഫയർ എൻജിൻ ഡ്രൈവർ - 4, ഇൻഡസ്ട്രിയൽ മസ്ദൂർ- 3 എന്നിങ്ങനെ ഒഴിവുകളുണ്ട്. 19 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: mod.gov.in.

ഡി.ആർ.ഡി.ഒയിൽ അപ്രന്റിസ്

ഡിഫൻസ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷന്റെ (ഡിആർഡിഒ) കീഴിലുള്ള ചാന്ദിപൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ച് അപ്രന്റിസ്ഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 30 ഒഴിവുണ്ട്. 30 ഒഴിവുണ്ട് ഇന്റർവ്യൂ മാർച്ച് 28ന് ഒഡിഷ ചാന്ദിപൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ച് ഓഫീസിൽ. വിശദവിവരത്തിന് www.drdo.gov.in.

ഐ.ഐ.ടി.ടി.എമ്മിൽ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (IITTM) അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-2, അക്കൗണ്ടന്റ് ഓഫീസർ-1, ജൂനിയർ സ്റ്റെനോഗ്രാഫർ-1 തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 9 വരെ അപേക്ഷിക്കാം.

ഗോഹട്ടി എൻ.ഐ.പി.ഇ.ആർ

ഗോഹട്ടി നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫാർമസ്യൂട്ടിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസേർച്ച് അസോസിയേറ്റ് പ്രൊഫസർ -3, അസിസ്റ്റന്റ് പ്രൊഫസർ - 3, സിസ്റ്റം എൻജിനീയർ - 1, സെക്ഷൻ ഓഫീസർ- 1. തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 9 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.niperguwahati.ac.in/

യു.എൻ.ഡി.പിയിൽ

യുനൈറ്റഡ് നാഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമിൽ ലാൻഡ്സ്കേപ്പ് പ്രോജക്ട് ഓഫീസർ 01, സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ 03, നാഷണൽ പ്രോജക്ട് ഓഫീസർ 01 ഒഴിവുണ്ട്. അപേക്ഷിക്കാനുള്ള അവസാന തിയതി മാർച്ച് 21. വിശദവിവരത്തിന് www.in.undp.org.

ബംഗാൾ പവർ ഡവലപ്മെന്റ് കോർപ്പറേഷനിൽ

ദ വെസ്റ്റ് ബംഗാൾ പവർ ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിൽ അപ്രന്റിസ്ഷിപ്പ്, മൈനിങ് ജോലികൾക്ക് അവസരം. അപ്രന്റിസ്ഷിപ്പ്- 60, മൈനിങ് -27 ഒഴിവാണുള്ളത്. www.wbpdcl.co.inwww.wbpdcl.co.in എന്ന website വഴി അപേക്ഷിക്കാം. അവസാന തിയതി മാർച്ച് 16.

യു.ജി.സിയിൽ

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമീഷനിൽ ജോയിന്റ് സെക്രട്ടറി -2, ഡെപ്യൂട്ടി സെക്രട്ടറി-3, എഡ്യുക്കേഷൻ ഓഫീസർ -1 എന്നിങ്ങനെ ഒഴിവുണ്ട്. www.ugc.ac.in/jobs എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തിയതി ഏപ്രിൽ 20.

കേന്ദ്രസേനയിലും ഡൽഹി പൊലീസിലും എസ്.ഐ, എ.എസ്.ഐ

കേന്ദ്രപൊലീസ് സേനകളിലും ഡൽഹി പൊലീസിലും സബ് ഇൻസ്പെക്ടർ, അസി. സബ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് സ്റ്റാഫ് സെലക്ഷൻ കമീഷൻ അപേക്ഷ ക്ഷണിച്ചു. ഡൽഹി പൊലീസ്, സിആർപിഎഫ്, ബിഎസ്എഫ്, ഐടിബിപി, എസ്എസ്ബി, സിഐഎസ്എഫ് എന്നിവയിലാണ് എസ്ഐയുടെ ഒഴിവുള്ളത്. 1330 ഒഴിവാണുള്ളത്. www.ssconline.nic.in എന്ന website ലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 2.

ഭോപാൽ എയിംസിൽ ഒഴിവുകൾ

ഭോപാലിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ (എയിംസ്) 11 ഒഴിവുകളിലേക്ക് ഉദ്യോഗാർഥികളെ നിയമിക്കുന്നു. ഡെപ്യൂട്ടി മെഡിക്കൽ സുപ്രണ്ട് (06), പബ്ലിക് റിലേഷൻസ് ഓഫിസർ (01), അക്കൗണ്ട്സ് ഓഫിസർ (02), ലോ ഓഫിസർ (01), സീനിയർ ഡയറ്റീഷൻ (അസിസ്റ്റന്റ് ഫുഡ് മാനേജർ) (01) എന്നീ തസ്തികകളിലേക്കാണ് നിയമനം. ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഭോപാൽ എയിംസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.aiimsbhopal.edu.in ലൂടെ ഏപ്രിൽ ഒന്നുവരെ അപേക്ഷകൾ സമർപ്പിക്കാം.

ലക്നോ മെട്രോയിൽ അവസരം

ലക്നൗ മെട്രോറെയിൽ കോർപറേഷനിലേക്ക് എക്സിക്യൂട്ടിവ്, നോൺ എക്സിക്യൂട്ടീവ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 386 ഒഴിവുണ്ട്. എക്സിക്യൂട്ടീവ് വിഭാഗത്തിൽ 28, നോൺ എക്സിക്യൂട്ടിവ് വിഭാഗത്തിൽ 358 ഒഴിവുകളാണുള്ളത്. www.lmrcl.com എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തിയതി മാർച്ച് 27.

അഹമ്മദാബാദിൽ

ഐഎസ്ആർഒ അഹമ്മദാബാദ് സ്പേസ് അപ്ലിക്കേഷൻ സെന്ററിലേക്ക് സയന്റിസ്റ്റ്/ എൻജിനിയർ 'എസ്ഡി' ഒഴിവുണ്ട്. www.sac.gov.in എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തിയതി ഏപ്രിൽ രണ്ട്. വിശദവിവരവും website ൽ ലഭിക്കും.

വിശാഖപട്ടണം പോർട് ട്രസ്റ്റിൽ മാനേജർ

വിശാഖപട്ടണം പോർട് ട്രസ്റ്റിൽ മാനേജർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമിക്കും. വിവിധ വിഭാഗങ്ങളിലായി പത്ത് ഒഴിവുണ്ട്. അപേക്ഷാഫാറം -www.vizagport.com എന്ന വെബ്സൈറ്റിൽ ലഭിക്കും. Secretary, Administrative Office Building, Visakhapatanam Port Trust, Visakhapatanam-530035 എന്ന വിലാസത്തിൽ മാർച്ച് 16 നകം ലഭിക്കണം.

കൊച്ചിൻപോർട് ട്രസ്റ്റിൽ

കൊച്ചിൻ പോർട് ട്രസ്റ്റിൽ സീനിയർ ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ, സീനിയർ അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലെ ഓരോ ഒഴിവിലേക്ക് (ജനറൽ) അപേക്ഷ ക്ഷണിച്ചു. www.cochinport.gov.in എന്ന website ൽ അപേക്ഷയും വിശദവിവരവുമുണ്ട്. അപേക്ഷ പൂരിപ്പിച്ച് അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം The Secretary, Cochin Port trust, Cochin-682009 എന്ന വിലാസത്തിൽ ഏപ്രിൽ 26നകം ലഭിക്കണം.

ഡി.ഐ.ബി.ഇ.ആറിൽ

ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ബയോ എനർജി റിസേർച്ചിൽ (DIBER) ജൂനിയർ റിസേർച്ച് ഫെലോ ഒഴിവിലേക്ക് അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി: മാർച്ച് 31. കൂടുതൽ വിവരങ്ങൾക്ക്: www.drdo.gov.in

പ്രോജക്ട് ഫെല്ലോ

കേരളവനഗവേഷണസ്ഥാപനത്തിൽ ഒരു വർഷം വരെ കാലാവധിയുള്ള ഒരു സമയബന്ധിത ഗവേഷണ പദ്ധതിയായ റീജിയണൽ - കം - ഫെസിലിറ്റേഷൻ സെന്റർ ഫോർ സസ്റ്റെയിനബിൾ ഡെവലപ്മെന്റ് ഓഫ് മെഡിസിനൽ പ്ലാന്റ്സ് (സതേൺ റീജിയന്റ്) ൽ അഞ്ച് പ്രോജക്ട് ഫെല്ലോകളുടെ താല്ക്കാലിക ഒഴിവുകളിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തും. 19 ന് രാവിലെ 10 ന് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിലാണ് ഇന്റർവ്യൂ. വിശദവിവരങ്ങൾക്ക്: www.kfri.res.in

എൻ.സി.ആർ.ടി.സിയിൽ

നാഷ്ണൽ ക്യാപിറ്റൽ റീജൺ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലിമിറ്റഡിൽ (NCRTC) അലൈൻമെന്റ് എക്സ്പേർട്ട്/ സിവിൽ 2 ഒഴിവുണ്ട്. മാർച്ച് 26ന് മുൻപായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: ncrtc.in/

എം.പി.എസ്.സിയിൽ

മഹാരാഷ്ട്ര പബ്ലിക് സർവീസ് കമ്മീഷൻ (MPSC) അഗ്രിക്കൾച്ചർ സർവീസസിൽ വിവിധ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. അഗ്രിക്കൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ – 4. അഗ്രിക്കൾച്ചർ ഓഫീസർ -66 എന്നിങ്ങനെയാണ് ഒഴിവുകൾ. മാർച്ച് 27ന് മുൻപ് ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.mpsc.gov.in

ബി.ഐ.എസിൽ

ബ്യൂറോ ഒഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (BIS) സൈന്റിസ്റ്റുകളുടെ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 2 ന് മുൻപ് അപേക്ഷിക്കാം. നൂറിലധികം ഒഴിവുകളുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: www.bis.gov.in

ബാമർ ലൗറിയിൽ

ബാമർ ലൗറി ലിമിറ്റഡിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ ഒഴിവ്. ഏപ്രിൽ 13 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.balmerlawrie.com

കോക്കനട്ട് ഡവലപ്മെന്റ് ബോഡിൽ

കോക്കനട്ട് ഡവലപ്മെന്റ് ബോഡിൽ ഓഡിറ്റർ ഓഫീസറാകാം. മാർച്ച് 24നകം അപേക്ഷിക്കാം. വിലാസം: Chairman, Coconut Development Board, Kera Bhavan, SRV Road, Kochi – 682011 കൂടുതൽ വിവരങ്ങൾക്ക്: coconutboard.nic.in/

ഡെപ്യുട്ടി കമ്മിഷണർ

മിനിസ്ട്രി ഒഫ് അഗ്രിക്കൾച്ചർ ആൻഡ് ഫാർമേഴ്സ് വെൽഫയർ ഡെപ്യൂട്ടി കമ്മിഷണർ പോസ്റ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 11 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: agriculture.gov.in

ഡയറക്ടർ സിഗ്നൽ ഇന്റലിജൻസ്

മിനിസ്ട്രി ഒഫ് ഡിഫൻസ്, ഓഫീസ് ഓഫ് ദി ജോയിൻ സെക്രട്ടറി & സിഎഒ ഡയറക്ടർ സിഗ്നൽ ഇന്റലിജൻസ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചു ഏപ്രിൽ 11 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.caomod.nic.in

മലേറിയ റിസർച്ചിൽ സൈന്റിസ്റ്റ്

നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മലേറിയ റിസർച്ചിൽ സൈന്റിസ്റ്റ്-ബി തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കേണ്ട അവസാന തീയതി: മാർച്ച് 28. കൂടുതൽ വിവരങ്ങൾക്ക്: www.nimr.org.in/

എൻ.ഐ.ടി

നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി (NIT) ഉത്തരാഖഡിൽ ഫാക്കൽറ്റി ഒഴിവ്. മാർച്ച് 20നകം അപേക്ഷിക്കാം. പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/ അസിസ്റ്റന്റ് പ്രൊഫസർ: 38 ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: nituk.ac.in.

എൻ.ടി.പി.സിയിൽ അവസരം

സിവിൽ സർവീസ് പരീക്ഷയിൽ പങ്കെടുക്കുന്നവർക്ക് നാഷ്ണൽ തെർമൽ പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ എച്ച്. ആർ. വിഭാഗത്തിൽ എക്സിക്യൂട്ടീവ് ട്രെയിനിയാകാൻ അവസരം. സിവിൽ സർവീസ് പരീക്ഷയിൽ പ്രതീക്ഷിച്ച റാങ്ക് ലഭിക്കാതെ സർവീസിൽ കയറാൻ കഴിയാതെ വരുന്നവർക്കാണ് എൻ.ടി.പി.സി. അവസരമൊരുക്കുന്നത്. ഉദ്യോഗാർഥികൾക്ക് എച്ച്. ആർ. എക്സിക്യൂട്ടീവ് ട്രെയിനി തസ്തികയിലേക്ക് അപേക്ഷിക്കാം. 2019 മാർച്ചിലായിരിക്കും അപേക്ഷാനടപടികൾ ആരംഭിക്കുക. വിശദമായ വിജ്ഞാപനം www.ntpccareers.net എന്ന വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കും.

റെയിൽവേ: 31 വരെ അപേക്ഷിക്കാം

ഇന്ത്യൻ റെയിൽവേ (സെൻട്രലൈസ്ഡ് എംപ്ലോയ്മെന്റ് നോട്ടീസ് നമ്പർ 02/2018) 62,907 ഒഴിവിലേക്ക് ക്ഷണിച്ച വിജ്ഞാപനപ്രകാരം അപേക്ഷിക്കാനുള്ള തിയതി നീട്ടി. അവസാനതിയതി മാർച്ച് 31 ലേക്കാണ് നീട്ടിയത്. യോഗ്യത: കുറഞ്ഞത് പത്താം ക്ലാസ്സ് ജയം/ ഐടിഐ (എൻസിവിടി)/ എസ്സിവിടി/ നാഷണൽ അപ്രന്റിസ്ഷിപ്പ് സർടിഫിക്കറ്റ് (എൻസിവിടി). www.indianrail.gov.in/

ഗൂഗിൾ ഇമേജ്

എച്ച്.പി.പി.എസ്.സിയിൽ

ഹിമാചൽ പ്രദേശ് പബ്ലിക് സർവീസ് കമ്മീഷൻ ഡ്രൈവർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. മാർച്ച് 28ന് മുൻപ് ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.hp.gov.in

ജൂനിയർ ഓർത്തോപീഡിക് സർജൻ

ഗോവ പിഎസ്സി ജൂനിയർ ഓർത്തോപീഡിക് സർജൻ/ മെഡിക്കൽ ഓഫീസർ തസ്തികകളിൽ ഒഴിവ്. മാർച്ച് 23നകം അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: gpsc.goa.gov.in

നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മിഷനിൽ

നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷനിൽ റിസേർച്ച് അസിസ്റ്റന്റ്, പേഴ്സണൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് രജിസ്ട്രാർ, ഇൻസ്പെക്ടർ, സീനിയർ റിസേർച്ച് ഓഫീസർ, ജൂനിയർ അക്കൗണ്ടന്റ്, അക്കൗണ്ടന്റ്, സെക്ഷൻ ഓഫീസർ, പ്രൈവറ്റ് സെക്രട്ടറി, ജൂനിയർ ട്രാൻസലേറ്റർ തുടങ്ങിയ നിരവധി ഒഴിവുകൾ. എപ്രിൽ 2 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: nhrc.nic.in/

കൊൽക്കത്ത ഹൈക്കോടതിയിൽ

കൊൽക്കത്ത ഹൈക്കോടതിയിൽ സ്റ്റെനോഗ്രാഫർ, പേഴ്സണൽ അസിസറ്റന്റ് ഒഴിവിലേക്ക് അപേക്ഷിക്കാം. 42 ഒഴിവുകളാണുള്ളത്. പ്ലസ്ടുവോ ബിരുദമോ കഴിഞ്ഞവർ മാർച്ച് 20 ന് മുൻപ് അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: calcuttahighcourt.nic.in

പബ്ലിക് ഗ്രിവൻസെസ് & പെൻഷൻ

മിനിസ്ട്രി ഓഫ് പബ്ലിക് ഗ്രിവൻസെസ് & പെൻഷൻ അജഡ്മിനിസ്ട്രേറ്റീവ് മെമ്പർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. 8 ഒഴിവുകളുണ്ട്. മാർച്ച് 25 നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.persmin.nic.in

എൻ.ഐ.എ.ബിയിൽ

നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് അനിമൽ ബയോടെക്നോളജി (NIAB) സൈന്റിസ്റ്റ്, ടെക്നിക്കൽ ഓഫീസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. മാർച്ച് 19ന് മുൻപ് അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.niab.org.in

ഡി.എ.എസ്.ആർ.ഡി.ഇയിൽ

ഡിഫൻസ് മെറ്റീരിയൽ ആൻഡ് സ്റ്റോർസ് റിസേർച്ച് ആൻഡ് ഡവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ്, കാൺപൂർ ജൂനിയർ റിസേർച്ച് ഫെലോ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. മാർച്ച് 21, 22 തീയതികളിൽ വാക് ഇൻ ഇന്റർവ്യൂ. വിലാസം: DMSRDE Transit Facility (Nar DRLM Puliya), DMSRDE, GT Road, Kanpur - 208004. കൂടുതൽ വിവരങ്ങൾക്ക്: drdo.com

നാഷണൽ അറ്റ്മോസ്ഫിയർ റിസർച്ച് ലാബോറട്ടറിയിൽ

നാഷണൽ അറ്റ്മോസ്ഫിയർ റിസേർച്ച് ലാബോറട്ടറിയിൽ റിസർച്ച് അസോസിയേറ്റ്, ജൂനിയർ റിസേർച്ച് ഫെലോ തുടങ്ങിയ തസ്തികകളിൽ 18 ഒഴിവ്. മാർച്ച് 30 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.narl.gov.in. വിലാസം: National Atmospheric Research Laboratory, PB No. 123, SVU Campus, Tirupathi - 517502, Andhra Pradesh ഇമെയിൽ: director@narl.gov.in

ഗുൽബർഗ് സർവകലാശാലയിൽ

കർണാടകയിലെ ഗുൽബർഗ സർവകലാശാലയിലും പ്രാദേശിക കേന്ദ്രങ്ങളിലുമായി അസോസിയേറ്റ് പ്രഫസർ, അസി. പ്രഫസർ, പ്രഫസർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 131 ഒഴിവുകളുണ്ട്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: എപ്രിൽ 10. വിശദവിവരങ്ങൾ www.gug.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എൻ.സി.ഇ.ആർ.ടിയിൽ

ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച് ആൻഡ് ട്രെയിനിംഗിൽ (എൻ.സി.ഇ.ആർ.ടി) 12 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എഡിറ്റർ (02), അസിസ്റ്റന്റ് എഡിറ്റർ (01), ആർട്ടിസ്റ്റ് ഗ്രേഡ് 3 (01), മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് (01), സീനിയർ പ്രൂഫ് റീഡർ (01), സ്റ്റോർ കീപ്പർ ഗ്രേഡ് 1 (01), സ്റ്റോർ കീപ്പർ ഗ്രേഡ് 2 (05) എന്നിങ്ങനെയാണ് ഒഴിവുകൾ. അപേക്ഷ www.ncert.nic.in ൽ നിന്നും ഡൗൺലോഡ് ചെയ്യാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: ഏപ്രിൽ 04. കൂടുതൽ വിവരങ്ങൾ എൻ.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ.

ജോദ്പൂർ എയിംസിൽ

ജോദ്പൂരിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ (എയിംസ്) നഴ്സിംഗ് ഓഫീസർ, സീനിയർ നഴ്സിംഗ് ഓഫീസർ, അസിസ്റ്റന്റ് നഴ്സിംഗ് സൂപ്രണ്ട് എന്നിങ്ങനെ ഒഴിവുണ്ട്. 755 ഒഴിവുകളാണുള്ളത്. അവസാന തീയതി: ഏപ്രിൽ 8. കൂടുതൽ വിവരങ്ങൾ: www.aiimsjodhpur.edu.in

റായ്ബറേലി എയിംസിൽ

റായ്ബറേലിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഗ്രൂപ്പ് എ യിൽ അക്കൗണ്ട്സ് ഓഫീസർ-1, ഗ്രൂപ്പ് ബിയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് രണ്ട്/ നഴ്സിംഗ് ഓഫീസർ-15, സ്റ്റോർ കീപ്പർ-1, ജൂനിയർ എൻജിനിയർ (ഇലക്ട്രിക്കൽ) -1, ജൂനിയർ എൻജിനിയർ (എസി ആൻഡ് റഫ്രിജറേഷൻ) -1, ടെക്നിക്കൽ അസിസ്റ്റന്റ്/ ടെക്നീഷ്യൻ -4, ടെക്നിക്കൽ ഓഫീസർ (ഒഫ്ത്താൽമിക് റിഫ്രാക്ഷനിസ്റ്റ്) -1, ടെക്നിക്കൽ ഓഫീസർ (ഡെന്റൽ ടെക്നീഷ്യൻ) 01 ഗ്രൂപ്പ് സിയിൽ ജൂനിയർ മെഡിക്കൽ റെക്കോഡ് ഓഫീസർ (റിസപ്ഷനിസ്റ്റ്) 01, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് ഗ്രേഡ് രണ്ട് -2, സ്റ്റെനോഗ്രാഫർ -3, സ്റ്റോർ കീപ്പർ കം ക്ലർക്ക് -2 എന്നിങ്ങനെ ആകെ 34 ഒഴിവുണ്ട്. വിശദവിവരം www.aiims.edu. അവസാനതിയതി മാർച്ച് 28.

ഭെല്ലിൽ ട്രേഡ് അപ്രന്റിസ്

കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ (ഭെൽ) ട്രേഡ് അപ്രന്റിസ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 150 ഒഴിവുകളാണുള്ളത്. ഫിറ്റർ 19, ടർണർ അഞ്ച്, ഇലക്ട്രീഷൻ ആറ്, ഇലക്ട്രോണിക് മെക്കാനിക് 32, മെഷിനിസ്റ്റ് അഞ്ച്, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) രണ്ട്, ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) ആറ്, റെഫ്രിജറേഷൻ ആൻഡ് എയർകണ്ടീഷനിംഗ് മൂന്ന്, ഇലക്ട്രോപ്ലേറ്റർ നാല്, വെൽഡർ മൂന്ന്, കോപ (COPA) -65 എന്നിങ്ങനെയാണ് ഒഴിവുകൾ. അപേക്ഷയുടെ മാതൃക : bel-india.com ൽ ലഭിക്കും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 18.

പൂനെ കന്റോൺമെന്റ് ബോർഡിൽ

പൂനെ കന്റോൺമെന്റ് ബോർഡിൽ അസിസ്റ്റന്റ് മെഡിക്കൽ ഓഫിസർ, ജൂനിയർ എൻജിനീയർ, ടീച്ചേഴ്സ് തുടങ്ങിയ തസ്തികകൾ ഉൾപ്പെടെ വിവിധ തസ്തികകളിലായി 77 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ ഏഴ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.punecantonmentboard.org സന്ദർശിക്കുക.

ടി.ടി.പി : എൻജിനിയർ ഒഴിവ്

വിവിധ വിഭാഗങ്ങളിൽ പ്രോജക്ട് എൻജിനിയർ ഒഴിവുകളിലേക്ക് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് അപേക്ഷ ക്ഷണിച്ചു. അഞ്ച് ഒഴിവുകലാണുള്ളത്.. ഒരു വർഷത്തെ കരാർ നിയമനമാണ്. ഇതു രണ്ടു വർഷം വരെ നീട്ടിക്കിട്ടാം. പുരുഷന്മാർക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്ക്: www.travancoretitanium.com. വിലാസം: The Dy. General Manager (HR), Travancore Titanium Products Ltd, Kochuveli, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: മാർച്ച് 20.

ലീഗൽ സർവീസ് അതോറിറ്റിയിൽ

സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ് ഒന്ന്, ഡ്രൈവർ തസ്തികകളിലേക്കും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിൽ സെക്ഷൻ ഓഫീസർ, ക്ലാർക്ക് കം ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, താലൂക്ക് ലീഗൽ സർവീസസ് അതോറിറ്റിയിൽ സെക്രട്ടറി, ക്ലാർക്ക് കം ടൈപ്പിസ്റ്റ്, ഹൈക്കോടതി എ.ഡി.ആർ സെന്ററിൽ സെക്ഷൻ ഓഫീസർ, ജില്ലാതല എ.ഡി.ആർ സെന്ററുകളിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് കോഴിക്കോട് ലോക് അദാലത്ത് ഓഫീസിൽ രജിസ്ട്രാർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികലേക്കുമാണ് അപേക്ഷ ക്ഷണിച്ചത്. അവസാന തീയതി ഏപ്രിൽ രണ്ട്. വിശദവിവരങ്ങൾക്ക്: www.kelsa.nic.in

സതീഷ് ധവാൻ സ്പേസ് സെന്ററിൽ സയന്റിസ്റ്റ്/ എൻജിനിയർ

ഇന്ത്യൻ ബഹിരാകാശ ഗവേഷണ ഏജൻസി (ഇസ്റോ) യുടെ കീഴിലുള്ള സതീഷ് ധവാൻ സ്പേസ് സെന്റർ സയന്റിസ്റ്റ്/ എൻജിനിയർ തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കേണ്ട വിധം www.shar.gov.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 23. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപറേഷൻ വിവിധ സംസ്ഥാനങ്ങളിലെ മെഡിക്കൽ/ ഡെന്റൽ കോളജുകളിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. എസ്സി, എസ്ടി, വിമുക്തഭടൻ, വികലാംഗർ എന്നിവർക്ക് ഫീസില്ല. അപേക്ഷിക്കേണ്ട വിധം: www.central.esicmchsnr.co.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ രണ്ട്. കൂടുതൽ വിവരങ്ങൾ www.central.esicmchsnr.co.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

കെ.എഫ്.സിയിൽ മാനേജർ

അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് 27

കേരള ഫിനാൻഷ്യൽ കോർപറേഷനിൽ മാനേജീരിയൽ തസ്തികകളിലെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ആകെ 10 ഒഴിവുകളാണുള്ളത്. ജനറൽ മാനേജർ -1 (ഈഴവ), ഡെപ്യൂട്ടി ജനറൽ മാനേജർ-1 (ജനറൽ), മാനേജർ-3 (എസ്.ടി.-1, മുസ്ലിം-1, എൽ.സി./എ.ഐ-1), ഡെപ്യൂട്ടി മാനേജർ: -5 (ജനറൽ -3, എസ്.സി, എസ്.ടി-1, മുസ്ലിം -1) എന്നിങ്ങനെയാണ് ഒഴിവുകൾ. അവസാന തീയതി മാർച്ച് 27. വിശദവിവരങ്ങൾ www.kfc.org വെബ്സൈറ്റിൽ.

മെട്രോപൊളിറ്റൻ അതോറിറ്റിയിൽ

ഗുവാഹത്തി മെട്രോപൊളിറ്റൻ ഡവലപ്മെന്റ് അതോറിറ്റിയുടെ പ്രോജക്ടിലേക്ക് പ്രോജക്ട് ഡയറക്ടർ 01, അക്കൗണ്ട്സ് മാനേജർ 01, പ്രോജക്ട് എൻജിനിയർ (സിവിൽ) 02, സൂപ്പർവിഷൻ എൻജിനിയർ- 2 എന്നിങ്ങനെ ഒഴിവുണ്ട്. ഓൺലൈനായി അപേക്ഷിക്കാനും വിശദവിവരത്തിനും. gmda.assam.gov.in

സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയിൽ

സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (എസ്.എ.ആർ.എ) യുടെ സംസ്ഥാനതല ഓഫീസിലേക്ക് പ്രോഗ്രാം ഓഫീസർ, പ്രോഗ്രാം അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ മാർച്ച് 20 ന് വൈകിട്ട് അഞ്ചുവരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങളും അപേക്ഷാഫോറവും www.sjd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.